# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4300 13.12.2018-ൽ മറുപടിക്ക്**

അതിരപ്പിള്ളി പഞ്ചായത്തിലെ വൈദ്യുതി വിതരണത്തിലെ തടസ്സം

| | ചോദ്യം<br>ശ്രീ. ബി.ഡി. ദേവസ്സി | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ)<br><br>(ബി) | പിന്നോക്ക ആദിവാസി മേഖലയായ അതിരപ്പിള്ളി പഞ്ചായത്തിലെ വൈദ്യുതി വിതരണത്തിലെ തടസ്സം യഥാസമയം നീക്കുന്നതിന് സഹായ കരമായി ഒരു വാഹനവും ആദിവാസി മേഖലയിലെ രണ്ട് തൊഴിലാളികളുടെ സേവനവും ലഭ്യമാക്കിയിരുന്നത് പിൻ വലിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;<br><br>ഉണ്ടെങ്കിൽ പ്രസ്തുത സൗകര്യങ്ങളും സേവനവും തുടർന്നും ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരി ക്കുമോ; | (എ)<br>&<br>(ബി) | മഴക്കാലത്ത് ഉണ്ടാകാൻ സാദ്ധ്യതയുള്ള കൂടുതൽ വൈദ്യുതി തടസ്സങ്ങൾ കണക്കി ലെടുത്തും എത്തിച്ചേരാൻ ബുദ്ധിമുട്ടായ പ്രദേശമായത് കൊണ്ടും ജൂൺ മുതലുള്ള നാല് മാസക്കാലത്തേക്ക് ഒരു അധിക വാഹനം പരിയാരം സെക്ഷനിലേയ്ക്ക് അനുവദിച്ചിരുന്നു. പരിയാരം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ സ്ഥിരം ജീവനക്കാരുടെ കുറവുണ്ടായിരുന്നതി നാലാണ് കരാർ അടിസ്ഥാനത്തിൽ രണ്ട് തൊഴിലാളികളുടെ സേവനം ലഭ്യമാക്കിയി രുന്നത്. സെക്ഷനിൽ നിയമാനുസൃതമാവ ശ്യമുള്ള സ്ഥിരം ജീവനക്കാർ ലഭ്യമായതോടെ കരാർ ജീവനക്കാരുടെ ആവശ്യം ഇല്ലാതാ വുകയും അവരെ പിൻവലിക്കേണ്ട സാഹര്യം ഉണ്ടാവുകയുമാണ് ചെയ്തത്. പ്രദേശത്തെ വൈദ്യുതി തടസ്സങ്ങളുടെ സ്ഥിതി പരിശോധിച്ച് ആവശ്യമാണെന്ന് കാണുന്ന പക്ഷം മേൽ ക്രമീകരണം പുനസ്ഥാപിക്കുന്നത് അലോചിക്കുന്ന താണ്. |
| (സി) | കെ.എസ്.ഇ.ബിയുടെ കളക്ഷൻ സെന്ററു കളുടെ സേവനം തുടർന്നും ലഭ്യമാക്കുന്ന തിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (സി) | കളക്ഷൻ സെന്ററിന്റെ പ്രവർത്തനം നിർത്തലാക്കിയിട്ടില്ല. ഒന്നിടവിട്ട മാസങ്ങളിൽ (ബില്ല ചെയ്യുന്ന മാസങ്ങൾ) ആദ്യത്തെ നാല് പ്രവൃത്തി ദിവസങ്ങളിൽ ഒന്നിടവിട്ട ദിവസങ്ങളിൽ അതിരപ്പള്ളി സബ് എഞ്ചിനീയർ ഓഫീസിലും തുടർന്ന് വരുന്ന രണ്ട് പ്രവൃത്തി ദിവസങ്ങളിൽ പെരിങ്ങൽ കുത്തിലെ പുളിയിലപ്പാറയിലും പണം സ്വീകരിക്കുന്നുണ്ട്. ഇത് കൂടാതെ എല്ലാ പ്രവൃത്തി ദിവസങ്ങളിലും പരിയാരം ഇലക്ട്രിസിറ്റി ഓഫീസിൽ നിലവിൽ പണം സ്വീകരിക്കുന്നുണ്ട്. |

Hemalatha

സെക്ഷൻ ഓഫീസർ